**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – പീലിക്കോട് ഉത്തരമേഖല കാർഷിക ഗവേഷണ കേന്ദ്രം - ശതാബ്ദി ദിനാഘോഷത്തിന് വേണ്ടിയുള്ള ധനസമാഹരണം - ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 1428/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 05/05/2017

പരാമർശം:- 1. ശ്രീ. എം. രാജഗോപാൽ എം.എൽ.എ യുടെ 25/10/2016 ലെ കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 17.01.2017 ലെ ജി1-41750/16 നമ്പർ കത്ത്.

**ഉത്തരവ്**

പീലിക്കോട് ഉത്തരമേഖല കാർഷിക ഗവേഷണ കേന്ദ്ര ശതാബ്ദിയാഘോഷത്തിന്റെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന സ്മരണികയിലേക്കും, ശതാബ്ദി ആഘോഷ ചെലവിലേക്കും കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സംഭാവന വാങ്ങാനുള്ള യഥേഷ്ടാനുമതി നൽകണമെന്നാണ് പരാമർശ കത്ത് പ്രകാരം ശ്രീ. എം. രാജഗോപാൽ എം.എൽ.എ ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 2 ലെ കത്തിന്റെ അടിസ്ഥാനത്തിൽ പീലിക്കോട് ഉത്തരമേഖല കാർഷിക ഗവേഷണ കേന്ദ്ര ശതാബ്ദിയാഘോഷത്തിന്റെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന സ്മരണികയിലേക്കും, ശതാബ്ദി ആഘോഷ ചെലവിലേക്കും കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മുനിസിപ്പാലിറ്റികൾ 25000/- (ഇരുപത്തി അയ്യായിരം) രൂപ വീതവും ഗ്രാമപഞ്ചായത്തുകൾ 10000/- (പതിനായിരം) രൂപ വീതവും കോർപ്പറേഷനുകൾ 50000/- (അൻപതിനായിരം) രൂപ വീതവും അവരവരുടെ കമ്മിറ്റി തീരുമാനത്തിനു വിധേയമായി തനത് ഫണ്ടിൽ നിന്ന് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഭാവനകൾ കേരള കാർഷിക സർവ്വകലാശാല കംപ്ട്രോളറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കെ.എ.യു കാമ്പസ് ബ്രാഞ്ച്, വെള്ളാനിക്കരയിൽ മാറാവുന്ന വിധം ഡിമാന്റ് ഡ്രാഫ്റ്റായി എടുത്ത് പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം അസോസിയേറ്റ് ഡയറക്ടറുടെ പേരിലേക്ക് ലഭിക്കുന്നതിനു വേണ്ട നടപടികളും സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി. ജെ. ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ, കാസർഗോഡ്.
ചെയർമാൻ, ഉത്തര മേഖല കാർഷിക ഗവേഷണ കേന്ദ്രം ശതാബ്ദിയാഘോഷം സംഘാടക സമിതി, പീലിക്കോട്
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.